ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം,(ആരോഗ്യം).

സിവിൽ സ്റ്റേഷൻ (പി.ഓ), കോഴിക്കോട് - 673020

ഫോൺ നമ്പർ - 0495 2370494 ഇമെയിൽ dmokkd.hsd@kerala.gov.in

dmohkozhikode@gmail.com

അനുബന്ധം - എച്ച് 4

നമ്പർ:DMOH-KKD/3515/2024-A6

തീയതി.02-09-2024

## നോട്ടീസ്

ശ്രീ.സത്യജിത്ത് ശ്യാം,ക്ലാർക്ക്,ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് കോഴിക്കോട് (ചിത്രം വീട്, പയ്യനാട്ടുപാടം,നല്ലളം പോസ്റ്റ്, കോഴിക്കോട് 673027) എന്നവരുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും,നിയന്ത്രണവും,അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ അച്ചടക്ക നടപടികളുടെ ഭാഗമായി ഒരു കുറ്റാരോപണ മെമ്മോ നമ്പർ:DMOH-KKD/3515/2024-A6 തീയതി:23.06.2024 പ്രകാരം അവസാനമായി അറിവുള്ള താങ്കളുടെ മേൽവിലാസത്തിൽ രേഖാമൂലം അയക്കുകയുണ്ടായി. എന്നാൽ താങ്കൾ കൈപ്പറ്റാത്തതിനാൽ മേൽപ്പറഞ്ഞ കുറ്റാരോപണ മെമ്മോ അടങ്ങിയ കവർ പോസ്റ്റൽ അധികാരികൾ മടക്കി അയച്ച തന്നിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്കെതിരായി സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികൾക്കെതിരായി താങ്കളുടെ പ്രതിവാദപത്രികയോ വിശദീകരണമോ ഈ ഓഫീസിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണെന്നുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.മേൽപ്പറഞ്ഞ കുറ്റാരോപണ മെമ്മോയുടെ മുഴുവൻ ഭാഗങ്ങളും നിശ്ചയിക്കപ്പെട്ട തീയതികളിൽ പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് നേരിട്ടോ അല്ലെങ്കിൽ ശരിയായ മേൽ വിലാസം സഹിതം രേഖാമൂലം അപേക്ഷിക്കുകയാണെങ്കിൽ തപാൽ മാർഗ്ഗമോ താങ്കൾക്ക് ലഭ്യമാക്കുന്നതാണ്

വിശ്വസ്തതയോടെ

Signed by
Rajendran N
Date: 02-09-2024 05:42:07

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
കോഴിക്കോട്

സ്വീകർത്താവ്:

ശ്രീ.സത്യജിത്ത് ശ്യാം,
ക്ലാർക്ക്,
ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്,കോഴിക്കോട്
(ചിത്രം വീട്, പയ്യനാട്ടുപാടം,നല്ലളം പോസ്റ്റ്, കോഴിക്കോട് 673027)